ഫെബ്രുവരി 9, 2014

# കോൺഗ്രസ് പാർട്ടി എങ്ങനെ സിബിഐയെ ദുരുപയോഗം ചെയ്യുന്നു

അരുൺ ജെയ്റ്റ്‌ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

ഇന്നലത്തെ ഇക്കണോമിക് ടൈംസ് പത്രത്തിൽ സിബിഐ ഡയറക്ടർ രഞ്ജിത് സിൻഹയുടെ പ്രസ്താവന വന്നിട്ടുണ്ട്, സത്യം പുറത്തുവരുന്നു. ഇസ്രത്ത് ജഹാൻ കേസിൽ അമിത് ഷാക്കെതിരെ കുറ്റപത്രം സമർപ്പിച്ചിരുന്നെങ്കിൽ യുപിഎ കൂടുതൽ സംതൃപ്തരായേനെ എന്ന് അദ്ദേഹം പറയുന്നു. അമിത് ഷാക്കെതിരെ സിബിഐക്ക് തെളിവൊന്നുമില്ലെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഈ പ്രസ്താവന സർക്കാരിനെതിരെയുള്ള വിമർശനമാകുന്നുവെന്ന പ്രചാരണം വന്നപ്പോൾ പത്രം തന്നെ തെറ്റായി ഉദ്ധരിച്ചതാണെന്ന് അദ്ദേഹം വിശദീകരണം നൽകി. സിബിഐ ഡയറക്ടറുടെ സ്വയം പ്രസ്താവന, പിന്നെ വന്ന തിരുത്തൽ, യുപിഎ സർക്കാരിന്റെ കാലാവധി കഴിയാറാകൽ എല്ലാം സൂക്ഷ്മമായി വിശകലനം ചെയ്യുന്നവർക്ക് സിബിഐയുടെ ദുരുപയോഗം വ്യക്തമാകും.

പോലീസിനെയും അന്വേഷണ ഏജൻസികളെയും ദുരുപയോഗം ചെയ്യുന്നത് ഇപ്പോൾ അസാധാരണമല്ല. അടിയന്തരാവസ്ഥക്കാലത്ത് രണ്ടുലക്ഷം കേസുകളാണ് രാഷ്ട്രീയ പ്രവർത്തകർക്കെതിരെ എടുത്തത്. അടിയന്തരാവസ്ഥക്കാലത്ത് ബാധകമായ ആഭ്യന്തര സുരക്ഷാ നിയമം (മിസ) ഡിഫൻസ് ഓഫ് ഇന്ത്യാ റൂൾസ് (ഡിഐആർ) എന്നിവ പ്രകാരം അവരെ കരുതൽ തടങ്കലിലാക്കി. ഒട്ടുമിക്ക എഫ്ഐആറുകളും സമാനമായിരുന്നു. കോൺഗ്രസ് സർക്കാരിനെ പുറത്താക്കണമെന്ന് പ്രതിപക്ഷ നേതാക്കൾ പുലർച്ചെ പാൽ ബൂത്തിന് സമീപത്തോ ബസ് സ്റ്റാന്റിലോ പ്രസംഗിച്ചുവെന്നായിരിക്കും കേസ്. അതൊന്നും കരുതൽ തടങ്കലിന് പര്യാപ്തമായിരിക്കില്ല. നിർഭാഗ്യകരമെന്ന് പറയാം, പക്ഷേ, ഒറ്റ പോലീസുകാരനും ഈ എഫ്ഐആറുകൾ തെറ്റാണെന്ന് പറയാൻ ധൈര്യം കാണിച്ചില്ല. അവരെല്ലാം അടിയന്തരാവസ്ഥയുടെ തേർവാഴ്ചയ്ക്ക് കൂട്ടുനിൽക്കുകയായിരുന്നു.

യുപിഎ സർക്കാർ 2004–2014 കാലത്ത് സിബിഐയെ ദുരുപയോഗം ചെയ്യുകയായിരുന്നു. സിബിഐയെ ഇക്കാലത്ത് സർക്കാർ നിയന്ത്രിക്കുകയായിരുന്നില്ല, മറിച്ച് ഭരിക്കുന്ന പാർട്ടി തന്നെയാണ് ഭരിച്ചിരുന്നത്. സിബിഐ അതിന്റെ ഡയറക്ടർ നിയന്ത്രിക്കുന്ന ഒരു സംവിധാനമാണ്. അദ്ദേഹത്തിനാണവസാന വാക്ക്. എന്നാൽ കോൺഗ്രസ് കാലത്ത് അന്വേഷണോദ്യോഗസ്ഥർ അന്വേഷണ ഫയൽ ഉണ്ടാക്കി ഒരു വ്യക്തിയെ കുറ്റാരോപിതനോ കുറ്റവിമുക്തനോ ആക്കുന്നു. ഡയറക്ടർമാർക്ക് വിരമിക്കലിനു ശേഷം മികച്ച പദവികൾ വാഗ്ദാനം ചെയ്യുന്നു. അതിൽ ഗവർണർ പദവി മുതൽ യുപിഎസ്‌സി അംഗത്വം വരെയുണ്ട്. അമിത് ഷായെ ഇസ്രത്ത് ജഹാൻ കേസിൽ ഉൾപ്പെടുത്താൻ പ്രത്യേക താൽപ്പര്യം കാണിച്ച ഒരു സിബിഐ പ്രത്യേക ഡയറക്ടറെ വിരമിക്കും മുമ്പു തന്നെ ജാമിയ മിലിയ യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസിലറാക്കി. ഇന്ത്യയിലെ ചീഫ് വിജിലൻസ് കമ്മീഷണർ ആയാണ് തിരഞ്ഞെടുക്കപ്പെടാവുന്നവരുടെ പട്ടികയിൽ അദ്ദേഹത്തിന്റെ പേരും ഉണ്ടെന്ന് പത്ര വാർത്തകൾ കണ്ടു. അടുത്തിടെ പ്രധാനമന്ത്രിക്ക് ഞാനെഴുതിയ ഒരു കത്തിൽ വിശദീകരിച്ചിരുന്നു സിബിഐ എങ്ങനെയാണ് കൃത്രിമമായി അമിത്ഷാ, ഗുലാബ് ചന്ദ് കടാരിയ, രാജേന്ദർ രഥോഡ് എന്നിവരെ കേസിൽ കുടുക്കാൻ ശ്രമിച്ചതെന്ന്. അമിത് ഷായുടെ കേസിൽ അദ്ദേഹത്തിന് ജാമ്യം അനുവദിക്കുമ്പോൾ കോടതി നിരീക്ഷിച്ചിരുന്നു അദ്ദേഹത്തിനെതിരെ പ്രഥമദൃഷ്ട്യാ കേസില്ലെന്ന്. ജഡ്ജ് മുൻകൂർ ജാമ്യം അനുവദിക്കുക വഴി വ്യക്തമാക്കിയിരുന്നു ഗുലാബ് ചന്ദ് കടാരിയക്കെതിരെ തെളിവില്ലെന്ന്. കുറ്റപത്രം ചുമത്തുന്ന ഘട്ടത്തിൽത്തന്നെ രഥോഡിനെ കുറ്റക്കാരനല്ലെന്ന് കണ്ട് കോടതി മുക്തനാക്കിയിരുന്നു. അതേസമയം യുപിഎ സർക്കാർ ന്യൂനപക്ഷമാണെങ്കിലും നിലനിൽക്കുന്നത് സമാജ്‌വാദി പാർട്ടിയുടേയും ബിഎസ്‌പിയുടെയും പുറത്തുനിന്നുള്ള പിന്തുണയിലാണ്. ഈ രണ്ട് പാർട്ടികളുടേയും പിന്തുണ നേടാൻ സർക്കാർ സിബിഐയെ ദുരുപയോഗം ചെയ്യുകയാണ്. ആ പാർട്ടിയുടെ ഉന്നത നേതാക്കൾ വരവിൽ കവിഞ്ഞ സ്വത്തു സമ്പാദിച്ചതിന് കുറ്റാരോപിതരാണ്. ഇക്കണോമിക് ടൈംസിൽ പ്രസിദ്ധീകരിച്ച സിബിഐ ഡയറക്ടറുടെ പ്രതിഷേധ പ്രസ്താവന അർത്ഥമില്ലാത്തതാണ്. ആ പ്രസ്താവനയുടെ ദുർബലത വ്യക്തമാകുന്ന ഒട്ടേറെ തെളിവുകൾ വേറെ ലഭ്യമാണ്.